# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: എച്ച്3/23156/15 ചാക്ക, തിരുവനന്തപുരം 7

തീയതി: 10 /02/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- സർട്ടിഫിക്കേറ്റ് വിഭാഗം-ജൂലൈ 2014, ഫെബ്രുവരി 2015 എന്നീ വർഷങ്ങളിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിച്ച ട്രെയിനികൾക്കുള്ള ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൽ നിന്ന് കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിൽ നിന്നും ജൂലൈ 2014, ഫെബ്രുവരി 2015 വർഷങ്ങളിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് വിജയിച്ച ട്രെയിനികൾക്കുള്ള ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ഡി.ജി.റ്റി. യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ഇ മെയിൽ ആയി അയച്ചിട്ടുണ്ട്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി സർട്ടിഫിക്കേറ്റുകൾ അവരുടെ അധീനതയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ഇ മെയിലായോ സി.ഡി. യിൽ രേഖപ്പെടുത്തിയോ നൽകുന്നതാണ്. ഇ മെയിലായോ സി.ഡി. യിൽ രേഖപ്പെടുത്തിയോ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാരിൽ നിന്ന് കൈപ്പറ്റുന്നതിന് ഹാജരാകുന്നതിന് മുൻപ് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട വർഷങ്ങളിലെ ഒറിജിനൽ ബി ഫോമും അതിൻെറ ഒരു പകർപ്പും കൂടി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാക്കേണ്ടതാണ്.

2. ബി ഫോമിലെ രേഖപ്പെടുത്തലും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലെ രേഖപ്പെടുത്തലും തമ്മിൽ വ്യത്യാസം കാണുന്ന പക്ഷം ടി സർട്ടിഫിക്കേറ്റുകൾ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ വിതരണം ചെയ്യുന്നതല്ല. ടി ന്യൂനത

ഡയറക്ടറേറ്റിൽ അറിയിക്കുന്നതിന് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഇ സർട്ടിഫിക്കേറ്റുകളുടെ വിവരം കൈപ്പറ്റിയ ശേഷം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ നൽകുന്ന രജിസ്റ്ററിൽ ഒപ്പും പേരും തീയതിയും രേഖപ്പെടുത്തി നൽകേണ്ടതാണ്.

കൂടാതെ ട്രെയിനികൾക്ക് സർട്ടിഫിക്കേറ്റുകൾ പ്രിൻറ് എടുത്ത് വിതരണം നടത്തുന്നതിന് മുൻപ് ഇ നാഷണൽ സർട്ടിഫേറ്റുകൾ കൈപ്പറ്റുന്ന സ്ഥാപന മേധാവികൾക്ക് താഴെ പറയുന്ന നടപടി ക്രമങ്ങൾ കർശനമായും നടപ്പിലാക്കേണ്ടതാണ്

1. പ്രിൻറ് ചെയ്ത് ലഭിക്കുന്ന സർട്ടിഫിക്കേറ്റുകളിലെ രേഖപ്പെടുത്തലുകളും (ട്രെയിനിയുടെ പേര്, രക്ഷകർത്താവിൻെറ പേര്, ട്രേഡ്, സ്ഥാപനത്തിൻെറ പേര്, ട്രെയിനിംഗ് പീരിയഡ്, വിജയിച്ച ട്രെയിനിയാണോ എന്ന വിവരം) ബന്ധപ്പെട്ട ബി ഫോമിലെ രേഖപ്പെടുത്തലുമായി പരിശോധിച്ച് രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്. എന്തെങ്കിലും വ്യത്യാസം കാണുകയാണെങ്കിൽ ഡയറക്ടറേറ്റിലെ സർട്ടിഫിക്കേറ്റ് സെക്ഷനുമായി ബന്ധപ്പെടേണ്ടതും deputydirectoroftraining1@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതുമാണ്.

2. സർട്ടിഫിക്കേറ്റ് വിതരണം നടത്തുന്ന രജിസ്റ്ററിൽ ട്രേഡ്, ട്രേഡ് ടെസ്റ്റ് പാസ്സായ മാസം/വർഷം, ട്രെയിനിംഗ് പീരിയഡ്, ട്രെയിനിയുടെ മറ്റ് വിവരങ്ങളും സർട്ടിഫിക്കേറ്റ് നമ്പറുകളും രേഖപ്പെടുത്തി ട്രെയിനിയുടെ ഒപ്പും കൈപ്പറ്റുന്ന തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

3. ബന്ധപ്പെട്ട ബി ഫോമിൽ ടി സർട്ടിഫിക്കേറ്റ് നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

4. 100 ജി.എസ്.എം. ന് മുകളിൽ കനമുള്ള ഫോട്ടോസ്റ്റാറ്റ് പേപ്പറിൽ ലേസർ കളർ പ്രിൻറ് എടുത്ത് വേണം ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തേണ്ടത് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

വളരെ സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും നിർവഹിക്കേണ്ട ജോലിയായതിനാൽ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും വിവരങ്ങൾ

കൈപ്പറ്റുന്ന സ്ഥാപന മേധാവികളും വളരെ ജാഗ്രതയോടെ വേണം ടി ജോലികൾ നിർവഹിക്കേണ്ടതെന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക്